**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4710** **26.06.2019 ലെ മറുപടിക്ക്**

## നാളികേര ഉൽപ്പാദനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| എ) നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ വാർഡിലും നിശ്ചിത എണ്ണം തെങ്ങിൻതൈകൾ സൗജന്യമായി വച്ചുപിടിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ? | (എ)&(ബി). സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പ് വരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.ഇതിന്റെ ഭാഗമായി 'കേരകേരളം സമൃദ്ധ കേരളം' എന്ന പദ്ധതിയിലൂടെ തെങ്ങുകൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽ നിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിന് 1.44 ലക്ഷം ഹെക്ടറിൽ അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുന്നതിനും നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ പ്രായാധിക്യം വന്നതും രോഗം ബാധിച്ചതും ഉൽപ്പാദന ക്ഷമത നശിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റി 3 ലക്ഷം ഹെക്ടറിൽ അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനാവശ്യമായ ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ കൃഷി വകുപ്പ് ഫാമുകൾ, കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ് എന്നിവ മുഖേന ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതാണ്. |

| | |
|---|---|
| | പദ്ധതിയിലൂടെ സംസ്ഥാനത്തുടനീളം ഓരോ വാർഡിലും 75 തെങ്ങിൻ തൈകൾ വീതം നട്ടുപിടിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. 2019-20 വർഷം ആദ്യഘട്ടത്തിൽ കേരഗ്രാമങ്ങളായി തെരഞ്ഞെടുത്ത 300 പഞ്ചായത്തുകളിലെയും കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്ത തെരഞ്ഞെടുക്കപ്പെടുന്ന 200 പഞ്ചായത്തുകളിലെയും എല്ലാ വാർഡുകളിലും 75 തെങ്ങിൻ തൈകൾ വീതം 50 ശതമാനം സബ്സിഡിയോടു കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. പശ്ചിമതീര നെടിയൻ ഇനം, കുറിയ ഇനം, സങ്കരയിനം തെങ്ങിൻ തൈകൾ 60:20:20 അനുപാതത്തിൽ കർഷകർക്ക് വിതരണം ചെയ്യാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇതിനായി വിവിധ ഏജൻസികൾ മുഖേന 5.82 ലക്ഷം തെങ്ങിൻ തൈകൾ ലഭ്യമാക്കിയിട്ടുണ്ട്.പശ്ചിമ തീര നെടിയൻ ഇനം, കുറിയ ഇനം എന്നിവയ്ക്ക് 100 രൂപയും സങ്കരയിനം തൈകൾക്ക് 250 രൂപയും ആണ് വില നിശ്ചയിച്ചിട്ടുള്ളത്. |

**ഡെപ്യൂട്ടി സെക്രട്ടറി**